**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2209** **03-03-2025 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ റേഷൻ മേഖലയിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയാണ്. വകുപ്പിലെ എല്ലാ പരിശോധനാ ഉദ്യോഗസ്ഥരും ഫീൽഡ് പരിശോധന നടത്തി അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുകയും ആയത് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്തുവരികയാണ്. ടോൾ ഫ്രീ നമ്പറുകൾ വാട്സാപ്പ് നമ്പർ എന്നിവയിലൂടെ മുൻഗണനാ പട്ടികയുടെ ശുദ്ധീകരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവർക്ക് കാർഡുകൾ പിഴകൂടാതെ സ്വമേധയാ സറണ്ടർ ചെയ്യുവാൻ അവസരം നല്കിയിരുന്നു. റേഷൻ കാർഡിൽ ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകൾ പരിശോധിച്ച് അനർഹരെ കണ്ടെത്തുകയും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകൾ പരിശോധിച്ച് അനർഹരെ കണ്ടെത്തുന്നു. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി "ഓപ്പറേഷൻ യെല്ലോ" എന്ന പേരിൽ ഒരു പരിപാടി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ മുൻഗണനാ ലിസ്റ്റിൽപ്പെട്ട എത്ര അനർഹരെ ഒഴിവാക്കിയിട്ടുണ്ടെന്ന വിവരം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ? | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടതായി കണ്ടെത്തിയ 99856 അനർഹരെ ഒഴിവാക്കിയിട്ടുണ്ട്.<br><br>ഹോസ്ദുർഗ് താലൂക്ക് - 44002<br><br>വെള്ളരിക്കുണ്ട് താലൂക്ക് - 32161<br><br>കാസർഗോഡ് താലൂക്ക് - 22068<br><br>മഞ്ചേശ്വരം താലൂക്ക് - 1625 |

| | | | |
|---|---|---|---|
| | | | ആകെ 99856 |

സെക്ഷൻ ഓഫീസർ